# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-9/846/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-9/846/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-12-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 31-08-2021 | 14-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 31-08-2021 | 14-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്. എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.റോയ്.റ്റി.എം, അസി ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി, സീ.ഗ്രേ.ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ
ശ്രീ. സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| സൂസൻ സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| പി. ജയ | സെക്രട്ടറി | 01-04-2019 | 19-11-2019 |
| ശോഭ കെ | സെക്രട്ടറി | 20-11-2019 | 18-01-2020 |
| കമലേശൻ വി | സെക്രട്ടറി | 19-01-2020 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇന്ദു ബി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. രഞ്ജിത്ത് മോനായി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ ലക്ഷ്മി ദേവി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ അഷൈൻ റോസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ബിന്ദു മാത്യു | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഗീത ദേവി കെ ആർ | പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ജിജു വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 15-11-2019 |
| ശോഭ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 16-11-2019 | 31-03-2020 |
| സഫീറ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| സൽമോൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ആശ ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| പൊന്നമ്മ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 30-08-2019 |
| ലീന ഡെന്നീസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 31-08-2019 | 10-10-2019 |
| റെജി അലക്സ് | ഫിഷറീസ് സബ് | 11-10-2019 | 14-01-2020 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |
| ഷിബു കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 15-01-2020 | 18-02-2020 |
| പൊന്നമ്മ കെ. ജെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 19-02-2020 | 31-03-2020 |
| ബിനു ആർ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| മല്ലികാമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 30-11-2019 |
| റീന പദ്മനാഭൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 08-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 08-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 08-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 08-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 08-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 08-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 09-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 01-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 09-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Elsamma (Audit Officer, On 09-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-10 |
| 11 | പഞ്ചായത്ത് വക കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കുന്നില്ല<br>Written By: Lakshmikanth P (Auditor, On 13-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-11 |
| 12 | തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 13-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-12 |
| 13 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Lakshmikanth P (Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-13 |
| 14 | ജനറൽ പർപ്പസ് ഗ്രാന്റ് അവസാന ഗഡുവും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസും നഷ്ടപ്പെടുത്തി -<br>Written By: T.M Roy (Senior Grade Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-14 |
| 15 | അഗതി രഹിത കേരളം - വകമാറ്റിയ തുക വിനിയോഗിച്ചില്ല<br>Written By: T.M Roy (Senior Grade Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-15 |
| 16 | എസ്.സി വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം - അധികം നൽകിയ തുക തിരികെ | 1-16 |

| | | |
|---|---|---|
| | ഈടാക്കേണ്ടതാണ്<br>Written By: T.M Roy (Senior Grade Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | |
| 17 | ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി - നഷ്ടം 11158/-<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-17 |
| 18 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-18 |
| 19 | തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണപ്രവൃത്തികൾ -കരാറുകാർക്ക് അധികം നൽകാനിടയായി<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 28-09-2021) | 1-19 |
| 20 | ഓഡിറ്റ് ഇംപാക്ട്<br>Written By: Elsamma (Audit Officer, On 11-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-20 |
| 21 | ഗ്രാമസഭ<br>Written By: Elsamma (Audit Officer, On 12-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-21 |
| 22 | അനുപൂരക പോഷകാഹാര പരിപാടി-ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അധികമായി നൽകിയ തുക നിരാകരിക്കുന്നു<br>Written By: Sreekanth C.S (Asst. Audit Officer, On 15-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-22 |
| **ഭാഗം 2** | | |
| 1 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്-നഷ്ടം 3075/-<br>Written By: Lakshmikanth P (Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി - നഷ്ടം 11158/-<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 3-1 |
| 2 | തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണപ്രവൃത്തികൾ- കരാറുകാരക്ക് അധികം നൽകാനിടയായി<br>Written By: S.Suresh (Audit Officer (HG), On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 3-2 |
| 3 | എസ്.സി വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം -- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: T.M Roy (Senior Grade Auditor, On 14-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 3-3 |
| 4 | അനുപൂരക പോഷകാഹാര പരിപാടി-ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അധികമായി നൽകിയ തുക നിരാകരിക്കുന്നു<br>Written By: Sreekanth C.S (Asst. Audit Officer, On 15-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 3-4 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lakshmikanth P (Auditor, On 10-09-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: Elsamma (Audit Officer, On 27-09-2021) | |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Lakshmikanth P (Auditor, On 10-09-2021) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Lakshmikanth P (Auditor, On 10-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Lakshmikanth P (Auditor, On 24-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 25-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lakshmikanth P (Auditor, On 11-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 28-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lakshmikanth P (Auditor, On 10-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

13/2/2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 206953932 | 188262761 |
| വാർഷികകണക്ക് പ്രകാരം | 57479256 | 60014454 |
| പുതുക്കിയ ബജറ്റ് പ്രകാരം | 203585000 | 214529937 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 24903697/- രൂപയും ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 17262100/- രൂപയും ലഭിച്ചതുൾപ്പെടെ 42165797 /- രൂപ RP സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും ചെലവിനോടും കൂട്ടിയാൽ യഥാക്രമം 99645053/- രൂപയും 102180251/- രൂപയുമാണ് വരുന്നത്.പുതുക്കിയ ബജറ്റ് തയ്യാറാക്കിയപ്പോൾപ്പോലും വാർഷിക ധനകാര്യപത്രികയുമായി കണക്കിൽ വളരെയേറെ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 04.06.2020 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. തൻവർഷത്തെ വികസന ഫണ്ട് വിഹിതത്തിൽ നിന്നും ഹഡ്കോ വായ്പ തിരിച്ചടവിനായി ഉറവിടത്തിൽ കുറവ് ചെയ്ത 19,41,176 രൂപയ്ക്ക് ഗ്രാമപഞ്ചായത്ത് പ്രോജക്ട് വയ്ക്കാതിരുന്നതിനാൽ ടി തുക വാർഷിക കണക്കിലും സുലേഖ ചെലവ് പത്രികയിലും ചെലവായി ഉൾപ്പെട്ടിട്ടില്ല.
2. വാർഷിക കണക്ക് പകാരം എച്ച്.ഡി.എഫ്.സി (ശുചിത്വമിഷൻ -- ഖരമാലിന്യ സംസ്കരണം) ബാങ്കിലെ 31.3.2020ലെനീക്കിയിരുപ്പ് 194962 രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 192438രൂപയാണ്.
3. സംസ്ഥാന ബഡ്ജറ്റ് അനുബന്ധം IV പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്നത് 92,82,000 രൂപയാണെങ്കിലും വാർഷിക കണക്ക്, ട്രഷറി ബിൽ ബുക്ക് എന്നിവ പരിശോധിച്ചതിൽ 85,08,500 രൂപ മാത്രമാണ് ലഭിച്ചതായി കാണുന്നത്.
4. വാർഷിക കണക്ക് പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് 2,59,79,549 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് സെല്ലിന്റെ സോഫ്റ്റ്വെയറിൽ നിന്നുള്ള എം.ഐ.എസ് റിപ്പോർട്ട് പ്രകാരം ആകെ ചെലവ് 2,59,84,000 രൂപയാണ്.
5. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 26056 രൂപയും നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 91780 രൂപയും തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. Book Adjustments പ്രകാരം വരവായി ഉൾപ്പെടുത്തിയ മേൽ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
6. ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax Residential Buildings, Prior Period Income-Property Tax Non Residential Buildings എന്നീ ഇനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
7. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12427607 |
| വരവ് | 57479256 |
| ആകെ | 69906863 |
| ചെലവ്;; | 60014454 |
| നീക്കിയിരിപ്പ് | 9892409 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13985765 | 13985795 | 10267075 | 3718690 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 12960059 | 12960059 | 7951666 | 5008393 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 191000 | 191000 | 108300 | 82700 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 1807000 | 1807000 | 360500 | 1446500 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3651000 | 3651000 | 3177543 | 473457 |
| സി.എഫ്.സി. | | 9671384 | 9671384 | 3243936 | 6427448 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 1095344526 | 54 | 44366565 | 34 | 75 | 53.98 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 131740 | 956006 | 1087746 | 1075852 | 11894 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 24903697 | 24903697 | 24903697 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 137760 | 88 |
| കർഷകതൊഴിലാളി | 2369400 | 418 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 4168800 | 745 |
| വാർദ്ധക്യകാലപെൻഷൻ | 8598600 | 1925 |
| വികലാംഗപെൻഷൻ | 1552900 | 257 |
| അവിവാഹിത പെൻഷൻ<br>വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 512400<br>60000 | 85<br>2 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.08.2021 തീയതിയിൽ 3:15 P.M സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31,935/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.07.2021 | 01.21 TO 03.21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.1.2016 | 2011/12 TO 2015 16 | 24.11.2016 |

## 1-11 പഞ്ചായത്ത് വക കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കുന്നില്ല.

1. 2019-20 ലെ പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പ്രകാരം വാടകക്കാരുമായി കരാർ വ്യവസ്ഥകൾ വിവരിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല, മറിച്ച് ബ്ലാങ്ക് മുദ്രപ്പത്രങ്ങൾ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. വാടകയ്ക്ക് നല്കിയ കടമുറികളിൽ നിന്നും നിശ്ചിത സംഖ്യ വാടകയായി

ഈടാക്കുന്നുണ്ട്. എന്നാൽ കടമുറികൾ ഏറ്റെടുത്തപ്പോൾ ഉണ്ടാക്കിയ കരാർ പ്രകാരം വാടക എത്രയാണ് നിശ്ചയിച്ചതെന്നും, ഇതു സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയെന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനു (നം: 1, തീയതി 03/09/2021) മറുപടി നൽകിയിട്ടില്ല.

2. പഞ്ചായത്ത് വക കടമുറികൾ, വാടകയ്ക്ക് നല്കിയതുമായി ബന്ധപ്പെട്ടു ഹാജരാക്കിയ രേഖകൾ പ്രകാരം താഴെപ്പറയുന്ന കടമുറികളുടെ വാടക കുടിശിക നാളിതുവരെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | ബിൽഡിങ് നം/ റൂം നം | വാടകയിനത്തിൽ ഒടുക്കേണ്ട തുക | വാടക കുടിശിക |
|---|---|---|---|---|
| 1. | ഉത്തമൻ, മറ്റത്തിൽ, കുത്തിയതോട് | 10/31 | 1271x12 = 15,252/- | 15,252/- |
| 2. | ബാപ്പു കുഞ്ഞ്, ചിറയിൽ കുത്തിയതോട് | 10/17 | 640x12 = 7,680/- | 7,680/- |

മേൽ സൂചിപ്പിച്ച വാടക കുടിശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക, ടി വ്യക്തികളുടെ പക്കൽ നിന്നും ഇടാക്കാത്തതിനെ സംബന്ധിച്ചും, തുക ഈടാക്കുന്നതിന് പഞ്ചായത്ത് കൈകൊണ്ട നടപടികളെ സംബന്ധിച്ചും രേഖാമൂലം മറുപടി നൽകാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 3, തീയതി 03/09/2021) മറുപടി നൽകിയിട്ടില്ല.

## 1-12 തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം

(എ) 22.01.2019ലെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ (സി.എസ്)എ9-764/2019 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന റേഷൻ വ്യാപരികൾ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/തീയതി 07-09-2021) മറുപടി ലഭിച്ചിട്ടില്ല. റേഷൻ വ്യാപരികളിൽ നിന്നും തൊഴിൽ നികുതിയും, ലൈസൻസ് ഫീസും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(Ii)എ(I) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ 2019-20 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഒരു അർദ്ധ വർഷത്തിൽ ഈടാക്കേണ്ട നികുതി 1250/- രൂപ എന്ന കണക്കിൽ പഞ്ചായത്ത് ഫണ്ടിന് വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ കരാറുകാരിൽ നിന്നും നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണവും, ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും, ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/തീയതി 07-09-2021) മറുപടി ലഭിച്ചിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്

സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | ലൈസൻസ് നം: | അപേക്ഷകൻ | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 19/19-20 | സീഫുഡ് ഇന്നവേഷൻസ് | 562 HP | 5620 | 4925 | 695 |
| 2 | 32/19-20 | കെ.എ.ഷാനവാസ് | 180 HP | 2000 | 1000 | 1000 |
| 4 | 8/19-20 | അമാൽഗം ന്യൂട്രിയൻസ് | 594 HP | 5940 | 5560 | 380 |
| 5 | 18/19-20 | ത്രേസ്യാക്കുട്ടി പോൾ | 78HP | 1000 | 0 | 1000 |
| | | | | | ആകെ | 3075 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 18, തീയതി 3/09/2021) മറുപടി ലഭിച്ചിട്ടില്ല. ടി വ്യക്തികളിൽ നിന്നും കുറവ് വന്ന ലൈസൻസ് ഫീസ് പഞ്ചായത്തിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ജനറൽ പർപ്പസ് ഗ്രാന്റ് അവസാന ഗഡുവും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസും നഷ്ടപ്പെടുത്തി -

സംസ്ഥാന ബഡ്ജറ്റ് അനുബന്ധം IV പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 92,82,000/- രൂപയാണ് അനുവദിച്ചിരുന്നത്. വാർഷിക കണക്ക്, ട്രഷറി ബിൽ ബുക്ക് എന്നിവ പരിശോധിച്ചതിൽ 11 ഗഡുക്കളായി 85,08,500/- രൂപ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ജനറൽ പർപ്പസ് ഫണ്ടിന്റെ അവസാന ഗഡുവായ 7,73,500/- രൂപ ലഭിച്ചിട്ടില്ല. കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നം 2249/2020/ധനം തീയതി 18.3.2020 പ്രകാരം റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസായി അനുവദിച്ച 2,47,841/- രൂപയും ലഭിച്ചിട്ടില്ല. ട്രഷറിയിൽ യഥാസമയം ബിൽ ഹാജരാക്കി തുടർനടപടി സ്വീകരിക്കാതിരുന്നതുമൂലം 10,21,341/- രൂപ നഷ്ടപ്പെടുകയുണ്ടായി. ജനറൽ പർപ്പസ് ഫണ്ടിന്റെ അവസാന ഡഡു അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായത് 25.3.2020ൽ ആണെന്നും അപ്പോൾ തന്നെ ബിൽ പ്രോസസ് ചെയ്ത് ഓൺലൈനായി ഹാജരാക്കിയിരുന്നുവെന്നും എന്നാൽ കോവിഡ് കാലമായതിനാൽ ബിൽ ബുക്കിൽ ചേർത്ത് നൽകുവാൻ സാധിച്ചില്ലായെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. തുക റീഅലോട്ട് ചെയ്തു നൽകുന്നതിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം 23.10.2020, 25.3.2021 തീയതികളിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ ആയത് അനുവദിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരികെ ലഭിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 അഗതി രഹിത കേരളം - വകമാറ്റിയ തുക വിനിയോഗിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി 2019-20 വർഷം നടപ്പിലാക്കിയ അഗതി രഹിത കേരളം പദ്ധതിയ്ക്കായി 104/2020 നമ്പർ പ്രോജക്ട് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 2,50,000/- രൂപ (ബിൽ നം. 01/2019-20/3.3.2020) പിൻവലിച്ച് സി.ഡി.എസിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതിയിലുൾപ്പെട്ടിട്ടുള്ള അന്തേവാസികളുടെ മരുന്ന്, ഭക്ഷണം, വിദ്യാഭ്യാസം മുതലായ ആവശ്യങ്ങൾക്കായാണ് ടി തുക വിനിയോഗിക്കുന്നത്. സി.ഡി.എസ് അക്കൗണ്ടന്റ് ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം തൻവർഷം അനുവദിച്ച തുകയിൽ നിന്നും 21 ഗുണഭോക്താക്കൾക്കായി 68,400/- രൂപ മാത്രമാണ് 2019-20 വർഷം ചെലവഴിച്ചിട്ടുള്ളത്. 2019-20 മുതലുള്ള മൂന്ന് വർഷത്തേയ്ക്ക് അഗതി രഹിത കേരളം പദ്ധതിയ്ക്കായി 2,50,000/- രൂപ വീതം നൽകുവാൻ തീരുമാനച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് പ്രകാരം തുക കൈമാറിയതെന്നും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഒടുക്കുന്നതാണെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/9.9.21) മറുപടി നൽകിയത്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സി.ഡി.എസ് അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്ന പദ്ധതി തുക തിരികെ സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 എസ്.സി വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം - അധികം നൽകിയ തുക

തിരികെ ഈടാക്കേണ്ടതാണ്

ഇരുചക്ര വാഹനത്തിന്റെ സഹായത്തോടെ സ്വയംതൊഴിൽ ചെയ്യുവാൻ താല്പര്യമുള്ള എസ്.സി വനിതകൾക്കായി 2019-20 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതിയാണിത്. മേൽ പ്രോജക്ട് (പ്രോ.നം 157/20) പ്രകാരം രേഷ്മ.വി.റ്റി പുതുശ്ശേരിവെളി എന്ന ഗുണഭോക്താവിനായി വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും 35,000/- രൂപ (ബിൽ നം. 13/2019-20/29.2.2020) ചെലവഴിച്ചിട്ടുണ്ട്. ടിയാരി ചേർത്തല ഷൈമാസ് ഹോണ്ടയിൽ നിന്നും ഹോണ്ട ആക്ടീവ സ്കൂട്ടർ വാങ്ങിയതിന്റ അടിസ്ഥാനത്തിൽ ഷൈമാസ് ഹോണ്ട ഡീലറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് തുക നൽകിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം വാഹന വിലയുടെ 50% തുകയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. ഷൈമാസ് ഹോണ്ടയുടെ ഇൻവോയ്സ് പ്രകാരം രേഷ്മ.വി.റ്റി പുതുശ്ശേരിവെളി വാങ്ങിയ വാഹനത്തിന്റെ വില 66,887/-രൂപയാണ്. ഇതുപ്രകാരം 33,443/- രൂപയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. എന്നാൽ 35000/- രൂപയാണ് ഷൈമാസ് ഹോണ്ട ഡീലറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാ സബ്സിഡിയായി നൽകിയത്. അധികം നൽകിയ 1557/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-17 ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി - നഷ്ടം 11158/-

ഗ്രാമപഞ്ചായത്തിൽ ചെയ്ത റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിൽ പ്രകാരം തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വിലയായി 200/- രൂപ നിരക്കിലാണ് ഈടാക്കിയത്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. കുറഞ്ഞ നിരക്കിൽ തുക ഈടാക്കിയതുമൂലം കരാറുകാർക്ക് 11158/- അധികം നല്കാനിടയായി. വിശദാംശം ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-18 ടാർ വീപ്പയുടെ വില കുറവ് ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | പുല്ലുവേലി ചാലുംപുറം റോഡ് മെറ്റലിംഗ് ടാറിംഗ് | 17 @200 = 3400 | വികസന ഫണ്ട് | 4/7-05-19 രൂപ 673080/- |
| 2 | പുല്ലുവേലി ചാലുംപുറം റോഡ് അടുത്ത ഘട്ടം മെറ്റലിംഗ് ടാറിംഗ് | 6 @200 = 1200 | വികസന ഫണ്ട് | 3/7-05-19 രൂപ 138133/- |
| 3 | പുന്നവേലി യുവസാഗര റോഡ് ടാറിംഗ് | 7 @200 = 1400 | വികസന ഫണ്ട് | 7/4-07-19 രൂപ 140038/- |
| 4 | പുന്നവേലി യുവസാഗര റോഡ് അടുത്ത ഘട്ടം ടാറിംഗ് | 13 @200 = 2600 | വികസന ഫണ്ട് | 9/4-07-19 രൂപ 412548/- |
| 5 | പുതുശേരി വെളി റോഡ് മെറ്റലിംഗ് ടാറിംഗ് | 4 @200 = 800 | റോഡു സംരക്ഷണ ഗ്രാന്റ് | 13/4-07-19 രൂപ 99268/- |
| | ആകെ | 9400 | | |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രവൃത്തികൾ വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതിനാൽ ടി തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 10/07-09-2021 ന് ഗവൺമെന്റിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ഗവൺമെന്റിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണപ്രവൃത്തികൾ -കരാറുകാർക്ക് അധികം നൽകാനിടയായി

1. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണപ്രവൃത്തികൾക്ക് സാധനങ്ങൾ സപ്ലൈചെയ്ത കരാറുകാർക്ക് തുക നൽകിയപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ (ആദായ നികുതി, GST) കുറവു ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നതിനാൽ 23827/- രൂപ അധികം നലകാനിടയായി. (വിശദവിവരത്തിന് ഭാഗം 3 കാണുക)

2. കുന്നത്തുവെളി വൈപ്പിൻശ്ശേരി നടപ്പാത നിർമ്മാണം എന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈചെയ്തിരിക്കുന്നത് ശ്രീ. ജോസ് അഭിലാഷാണ്. കരാറുകാരൻ സപ്ലൈചെയ്ത സാധനങ്ങൾ അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനിയർ ഏറ്റുവാങ്ങിയതിന്റെ സാക്ഷ്യപത്രം അനുസരിച്ച് എം സാന്റ് ലഭിച്ചതിന്റെ അളവ് 15 $M^3$ ആണ്. എന്നാൽ 15.92 $M^3$ എം സാന്റിന്റെ വിലയാണ് നൽകിയിരിക്കുന്നത്. (അളവു പുസ്തകം 7/18-19 പേജ് 8). അധികം നല്കിയ 0.92 $M^3$ എം സാന്റിന്റെ വില 1536 (0.92$m^3$ @1670) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. (വിശദവിവരത്തിന് ഭാഗം 3 കാണുക)

3. വാർഡ് 2 ലെ കരുമാഞ്ചേരി മാർക്കറ്റിൽ നിന്ന് തെക്കോട്ട് നടപ്പാത എന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈചെയ്തിരിക്കുന്നത് ശ്രീ. ജോസ് അഭിലാഷാണ്. താഴ്ന്നഭാഗം ഗ്രാവലിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുന്നതിന് ലക്ഷ്യമിടുന്ന ടി പ്രവൃത്തിയിൽ ഗ്രാവലിട്ട് ഉയർത്തിയതിന് 88.74 $M^3$ എന്ന അളവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 88 $M^3$ ൽ ക്ലിപ്തപ്പെടുത്തിയാണ് കരാറുകാരന് @935 നിരക്കിൽ 82280/- രൂപ അനുവദിച്ചിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ ഇത് 8.8 $M^3$ എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

13.04.2018 ലെ സി-4 -5/2018-ാം നമ്പർ സെക്രട്ടറിയുടെ കരാറുകരാനുള്ള സപ്ലൈ ഓർഡറിൽ ടി പ്രവൃത്തിക്ക് 62.43$m^3$ ഗ്രാവൽ ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. ഇതനുസരിച്ച് ടി പ്രവൃത്തിക്ക് സാധനങ്ങൾ സപ്ലൈചെയ്തതിന് കരാറുകാരൻ ഹാജരാക്കിയ കടക്കരപ്പള്ളി മുരളീധര ഏജൻസീസിന്റെ 95/17-10-18-ാം നമ്പർ ബിൽ പ്രകാരം 63 $M^3$ ഗ്രാവലാണ് സപ്ലൈ ചെയ്തിരിക്കുന്നത്. എന്നാൽ 88 $M^3$ എന്ന് രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നതിനാൽ കരാറുകാരന് 23375/- അധികം നൽകാനിടയായി. വിശദവിവരം ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. എസ്.ടി വീടുകളിൽ ജൈവ വേലി നിർമ്മാണം എന്ന പ്രവൃത്തിയിൽ 200 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലും വേലി കെട്ടുന്നതിന് 7.5 മീറ്റർ നീളം വരുന്ന മുളകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഒരെണ്ണത്തിന് 95/- രൂപ ക്വോട്ട് ചെയ്ത ശ്രീ.സുജിത് ചിറയിലിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് 250 മുള സ്റ്റാക്ക് ചെയ്തിട്ടുണ്ട് (അളവു പുസ്തകം 285/18-19 പേജ് 3) എന്നാൽ ഫൈനൽ ബിൽ പ്രകാരം 400 മുളകളുടെ വിലയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത് അതിനാൽ കരാറുകാരന് 14250/- അധികം നൽകാനിടയായി. (വിശദവിവരത്തിന് ഭാഗം 3 കാണുക)

5. വഞ്ചിപ്പുരക്കൽ തോടിന് കല്ലുകെട്ട് പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തിരിക്കുന്നത് ശ്രീ.പ്രവീൺകുമാർ വി.പി യാണ്. ടി പ്രവൃത്തിയിൽ DR Masonary 100.80 $M^3$ ഉം RR Masonary 12.60 $M^3$ ഉം ഉൾപ്പെടെ 113.40 $M^3$ ആണ് കരിങ്കല്ലിൽ ചെയ്തിരിക്കുന്നത്. എന്നാൽ കരാറുകാരന് റബിളിന്റെ വിലയായി 118.40$m^3$ ന് 1406/$M^3$ നിരക്കിൽ 166470/- രൂപ അനുവദിച്ചിട്ടുണ്ട്. അതിനാൽ കരാറുകാരന് 7030/- അധികം നൽകാനിടയായി.(വിശദവിവരത്തിന് ഭാഗം 3 കാണുക)

6. ഇല്ലിക്കൽതോട്ടിലേക്ക് കാന നിർമ്മാണം എന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈചെയ്തിരിക്കുന്നത് ശ്രീ.പ്രവീൺകുമാർ വി.പി യാണ്. ടി പ്രവൃത്തിയിൽ 5-ാം ഇനമായി സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിന് 1351.84 Kg (അളവു പുസ്തകം 129/18-19 പേജ് 5) ഉപയോഗിച്ചിട്ടുണ്ടെങ്കിലും 1284.48 Kg എന്ന എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാരന് 1348 Kg യുടെ വിലയാണ് അനുവദിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്താതെ തുക അനുവദിച്ചത് 3303/- അധികം നൽകാനിടയാക്കി.(വിശദവിവരത്തിന് ഭാഗം 3 കാണുക)

7. മൂർത്തിക്കൽ അംഗൻവാടിക്ക് കാന നിർമ്മാണം എന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തിരിക്കുന്നത് ശ്രീ.പ്രവീൺകുമാർ വി.പി യാണ്. ടി പ്രവൃത്തിയുടെ 4-ാം ഇനമായി 1:3:6 കോൺക്രീറ്റിംഗിൽ പാർശ്വഭിത്തി നിർമ്മിച്ചിരിക്കുന്നതിന്റെ അളവ് ചുവടെ കൊടുക്കുന്നു.

2x 56 X (0.20+0.15)/2 X 0.60 = 11.76$m^3$

എന്നാൽ അളവു പുസ്തകം 128/18-19 പേജ് 4 ൽ ഈ അളവ് 18.48$m^3$ എന്ന് തെറ്റായിട്ട് കണക്കാക്കിയാണ് മെറ്റീരിയൽ വിലയും തൊഴിൽദിനവും അനുവദിച്ചിരിക്കുന്നത്. എസ്റ്റിമേറ്റിലും 18.48$m^3$ എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ മെറ്റീരിയലിന്റെ വിലയിനത്തിൽ 32875/-അധികം നൽകാനിയായി.

ടി പ്രവൃത്തിയിൽ 5-ാം ഇനമായി സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിന് 833.82kg(അളവു പുസ്തകം 128/18-19 പേജ് 5) ഉപയോഗിച്ചിട്ടുണ്ടെങ്കിലും 827 Kg എന്ന എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാരന് 868 Kg യുടെ വിലയാണ് അനുവദിച്ചിരിക്കുന്നത്.എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്താതെ തുക അനുവദിച്ചത് 2132/- അധികം നൽകാനിടയാക്കി. (വിശദവിവരത്തിന് ഭാഗം 3 കാണുക)

## 1-20 ഓഡിറ്റ് ഇംപാക്ട്

വൗച്ചർ നം.21900390/2.9.19 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിന് തനതുഫണ്ടിൽ നിന്നും 1,70,000/-രൂപ പിൻവലിച്ച് പഞ്ചായത്തിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. അതിൽ പി.ജയ, സെക്രട്ടറിക്ക് 15,000/-രൂപ ഫെസ്റ്റിവൽ അഡ്വാൻസ് നല്കിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നാളിതുവരെ തുക പൂർണ്ണമായും ക്രമീകരിച്ചിട്ടില്ല. അവശേഷിക്കുന്ന 3,000/- അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/19-20 തീയതി,08.09.21) മറുപടിയായി ഉത്തരവാദിയായ സെക്രട്ടറി തുക അടവാക്കി രസീതു ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ പരാമർശം ഒഴിവാക്കുന്നു.

## 1-21 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചുചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 15 വാർഡുകളിൽ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2019-2020 സാമ്പത്തിക വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് 15 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന തീയതി | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 18.1.2020 | 2020-21 വാർഷിക പദ്ധതി രൂപീകരണം |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരുബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. വിവിധ ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിനപ്പുറം ക്രിയാത്മകമായ നിർദ്ദേശങ്ങൾ നിലവിൽ ഗ്രാമസഭകളിൽ ഉണ്ടാകുന്നില്ല. ക്രിയാത്മകമായ നിർദ്ദേശങ്ങളും ഇടപെടലുകളും ഗ്രാമസഭയിൽ നിന്നും ഉണ്ടാകേണ്ടതാണ്.

## 1-22 അനുപൂരക പോഷകാഹാര പരിപാടി-ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അധികമായി നൽകിയ തുക നിരാകരിക്കുന്നു

2019-20 കാലയളവിൽ അനുപൂരക പോഷകാഹാര പരിപാടി എന്ന പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നം. 02/2020) സപ്ലൈകോ ഷോപ്പിൽ നിന്നും 300 കിലോഗ്രാം അരിയും 2897 കിലോഗ്രാം മറ്റ് ഭക്ഷ്യ വസ്തുക്കളും കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ വിതരണം ചെയ്തതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ 12002/- രൂപ ബിൽ നം. 09/19-20/15.10.2019 പ്രകാരം ശ്രീ. വി.കെ.സുരേന്ദ്രൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞതിൽ 300 കിലോഗ്രാം അരി ലഭിച്ചതായോ വിതരണം ചെയ്തിട്ടുള്ളതായോ മെയിൻ/സബ് സ്റ്റോക്ക് രജിസ്റ്ററുകളും ഇതര രേഖകളും പരിശോധിച്ചതിൽ കാണുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. ഈ ഇനത്തിൽ ഒരു കിലോഗ്രാമിന് 2.95 രൂപ നിരക്കിൽ 885/- രൂപ അധികമായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -2

## 2-1 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്-നഷ്ടം 3075/-

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ

നൽകിയ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിര ശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | ലൈസൻസ് നം: | അപേക്ഷകൻ | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 19/19-20 | സീഫുഡ് ഇന്നവേഷൻസ് | 562 HP | 5620 | 4925 | 695 |
| 2 | 32/19-20 | കെ.എ.ഷാനവാസ് | 180 HP | 2000 | 1000 | 1000 |
| 4 | 8/19-20 | അമാൽഗം ന്യൂട്രിയൻസ് | 594 HP | 5940 | 5560 | 380 |
| 5 | 18/19-20 | ത്രേസ്യാകുട്ടി പോൾ | 78 HP | 1000 | 0 | 1000 |
| | | | | | ആകെ | 3075 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 18, തീയതി 3/09/2021) മറുപടി ലഭിച്ചിട്ടില്ല. ടി വ്യക്തികളിൽ നിന്നും കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് പഞ്ചായത്തിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി - നഷ്ടം 11158/-

ഗ്രാമപഞ്ചായത്തിൽ ചെയ്ത റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിൽ പ്രകാരം തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വിലയായി 200/- രൂപ നിരക്കിലാണ് ഈടാക്കിയത്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. കുറഞ്ഞ നിരക്കിൽ തുക ഈടാക്കിയതുമൂലം കരാറുകാരന് അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ | ഈടാക്കിയ ടാർ വീപ്പയുടെ വില | ഈടാക്കേണ്ട വില | കുറവ് | ചെലവ് വിവരം |
|---|---|---|---|---|---|---|
| 1 | പുല്ലുവേലി ചാലുംപുറം റോഡ് മെറ്റലിംഗ് ടാറിംഗ് | പ്രവീൺകുമാർ | 17 @200 = 3400 | 17 @281 =4777 | 1377 | 4/7-05-19 രൂപ 673080/- |
| 2 | പുല്ലുവേലി ചാലുംപുറം റോഡ് അടുത്ത ഘട്ടം മെറ്റലിംഗ് ടാറിംഗ് | പ്രവീൺകുമാർ | 6 @200 = 1200 | 6 @281 =1686 | 486 | 3/7-05-19 രൂപ 138133/- |
| 3 | PS ഫെറി ചമ്മനാട് ക്ഷേത്രംറോഡ് മെറ്റലിംഗ് ടാറിംഗ് | ആന്റണി ജോൺ | ഈടാക്കിയില്ല | 8 @281 =2248 | 2248 | 2/7-05-19 രൂപ 261232/- |
| 4 | ആള്ളൂർ പൊറ്റത്തറ റോഡ് മെറ്റലിംഗ് ടാറിംഗ് | ആന്റണി ജോൺ | 20 @200 = 4000 | 20@281 =5620 | 1620 | 6/12-06-19 രൂപ 387500/- |
| 5 | പുന്നവേലി യുവസാഗര റോഡ് ടാറിംഗ് | അരവിന്ദ് | 7 @200 = 1400 | 7 @281 =1967 | 567 | 7/4-07-19 രൂപ 140038/- |
| 6 | പുന്നവേലി യുവസാഗര റോഡ് അടുത്ത ഘട്ടം ടാറിംഗ് | അരവിന്ദ് | 13 @200 = 2600 | 13 @281 =3653 | 1053 | 9/4-07-19 രൂപ 412548/- |
| 7 | SNDP തൈപ്പറമ്പ് റോഡ് അടുത്ത ഘട്ടം | ജോയി കുരുവിള | 5 @200 = 1000 | 5 @281 =1405 | 405 | 10/4-07-19 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 190637/- |
| 8 | SNDP പുതുശേരി വെളി റോഡ് മെറ്റലിംഗ് ടാറിംഗ് | ജോയി കുരുവിള | 8 @200 = 1600 | 8 @281 =2248 | 648 | 11/4-07-19 രൂപ 362271/- |
| 9 | SNDP തൈപ്പറമ്പ് റോഡ് മെറ്റലിംഗ് ടാറിംഗ് | ജോയി കുരുവിള | 6 @200 = 1200 | 6 @281 =1686 | 486 | 12/4-07-19 രൂപ 238598/- |
| 10 | പുതുശേരി വെളി റോഡ് മെറ്റലിംഗ് ടാറിംഗ് | ജോയി കുരുവിള | 4 @200 = 800 | 4 @281 =1124 | 324 | 13/4-07-19 രൂപ 99268/- |
| 11 | പഴങ്ങാട്ട് റോഡ് മെറ്റലിംഗ് ടാറിംഗ് | സുദർശനൻ | 15 @200 = 3000 | 15 @281 =4215 | 1215 | 16/13-08-19 രൂപ 475000/- |
| 12 | പറമ്പിത്തററോഡ് മെറ്റലിംഗ് ടാറിംഗ് | സുദർശനൻ | 9 @200 = 1800 | 9 @281 =2529 | 729 | 15/13-08-19 രൂപ 475000/- |
| | | ആകെ | | | 11158 | |

ടാർ വീപ്പയുടെ വിലയിനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/07-09-2021) മറുപടി നൽകിയിട്ടില്ല.

## 3-2 തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണപ്രവൃത്തികൾ- കരാറുകാരക്ക് അധികം നൽകാനിടയായി

1. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത താഴെപ്പറയുന്ന നിർമ്മാണപ്രവൃത്തികൾക്ക് സാധനങ്ങൾ സപ്ലൈചെയ്ത കരാറുകാർക്ക് തുക നൽകിയപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ (ആദായ നികുതി, GST) കുറവ് ചെയ്യാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ | സാധനവില | നല്കിയത് | ചെലവ് വിവരം | ഈടാക്കേണ്ട നികുതികൾ (IT@1%, GST@2%) |
|---|---|---|---|---|---|---|
| 1 | കുന്നത്തുവെളി വൈപ്പിൻശ്ശേരി നടപ്പാത നിർമ്മാണം | ജോസ് അഭിലാഷ് | 210394 | 210394 | 452/19-05-18 4418/2-07-19 | IT - 2104 |
| 2 | കട്ടത്തറ ലയൺസ് വില്ല റോഡ് നിർമ്മാണം | പ്രവീൺകുമാർ വി.പി | 213880 | 213880 | 2205/9-10-18 5416/2-07-19 | IT-2139 |
| 3 | വഞ്ചിപ്പുരക്കൽ തോടിന് കല്ലുകെട്ട് | പ്രവീൺകുമാർ വി.പി | 255533 | 255533 | 433/15-05-18 7673/2-07-19 | IT -2555 GST -5110 |
| 4 | ഇല്ലിക്കൽതോട്ടിലേക്ക് കാന നിർമ്മാണം | പ്രവീൺകുമാർ വി.പി | 305071 | 305071 | 2934/21-11-18 | IT- 3051 GST -6101 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 7819/2-07-19 | |
| 5 | മൂർത്തിക്കൽ അംഗൻവാടിക്ക് കാന നിർമ്മാണം | പ്രവീൺകുമാർ വി.പി | 201123 | 201123 | 7566/02-07-19<br>3025/1-11-18 | IT - 2011 |
| 6 | ചങ്ങരം സ്കൂളിന് തെക്കോട്ട് നടപ്പാത | പ്രവീൺകുമാർ വി.പി | 75592 | 75592 | 3027/1-11-18<br>7748/2-07-19 | IT-756 |
| ആകെ | | | | | | IT -12616/-<br>GST -11211/- |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/12-09-19) കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. കുന്നത്തുവെളി വൈപ്പിൻശ്ശേരി നടപ്പാത നിർമ്മാണം എന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തിരിക്കുന്നത് ശ്രീ. ജോസ് അഭിലാഷാണ്. കരാറുകാരൻ സപ്ലൈചെയ്ത സാധനങ്ങൾ അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനിയർ ഏറ്റുവാങ്ങിയതിന്റെ സാക്ഷ്യപത്രം അനുസരിച്ച് എം സാൻറ് ലഭിച്ചതിന്റെ അളവ് 15m$^3$ ആണ്. എന്നാൽ 15.92 M$^3$ എം സാന്റിന്റെ വിലയാണ് നൽകിയിരിക്കുന്നത്. (അളവു പുസ്തകം 7/18-19 പേജ് 8). അധികം നല്കിയ 0.92 M$^3$ എം സാന്റിന്റെ വില 1536 (0.92 @1670) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവു വിവരം - 452/19-05-18 രൂപ 142895/-

4418/2-07-19 രൂപ 67724/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/12.-09-19)ക്ലറിക്കൽ മിസ്റ്റേക്ക് ആണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുകകരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. വാർഡ് 2 ലെ കരുമാഞ്ചേരി മാർക്കറ്റിൽ നിന്ന് തെക്കോട്ട് നടപ്പാത എന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈചെയ്തിരിക്കുന്നത് ശ്രീ. ജോസ് അഭിലാഷാണ്. താഴ്ന്നഭാഗം ഗ്രാവലിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുന്നതിന് ലക്ഷ്യമിടുന്ന ടി പ്രവൃത്തിയിൽ ഗ്രാവലിട്ട് ഉയർത്തിയതിന് 88.74m$^3$ എന്ന അളവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 88m$^3$ ൽ ക്ലിപ്തപ്പെടുത്തിയാണ് കരാറുകാരന് @935 നിരക്കിൽ 82280/- രൂപ അനുവദിച്ചിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ ഇത് 8.8 M$^3$ എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

13.04.2018 ലെ സി-4 -5/2018-ാം നമ്പർ സെക്രട്ടറിയുടെ കരാറുകാരനുള്ള സപ്ലൈ ഓർഡറിൽ ടി പ്രവൃത്തിക്ക് 62.43 M$^3$ ഗ്രാവൽ ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. ഇതനുസരിച്ച് ടി പ്രവൃത്തിക്ക് സാധനങ്ങൾ സപ്ലൈചെയ്തതിന് കരാറുകാരൻ ഹാജരാക്കിയ കടക്കരപ്പള്ളി മുരളീധര ഏജൻസീസിന്റെ 95/17-10-18-ാം നമ്പർ ബിൽ പ്രകാരം 63m$^3$ ഗ്രാവലാണ് സപ്ലൈ ചെയ്തിരിക്കുന്നത്. എന്നാൽ 88m$^3$ എന്ന് രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നു. അതിനാൽ കരാറുകാരന് അധികം നൽകാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സപ്ലൈ ചെയ്ത ഗ്രാവലിന്റെ അളവ് | 63 M$^3$ |
| അനുവദിച്ച അളവ് | 88m$^3$ |
| അധികം | 25m$^3$ |
| അധികം നൽകിയ തുക | 25 @ 935/M$^3$ = 23375/- |
| ചെലവു വിവരം | 30321/26-11-18 രൂപ 163796/-<br>003/02-07-19 രൂപ 21400/- |
| അളവു പുസ്തകം | 120/18-19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/12-09-19) ബാക്കി ബില്ലുകൾ നഷ്ടപ്പെട്ടുവെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സപ്ലൈ ഓർഡറിൽ ടി പ്രവൃത്തിക്ക് 62.43 $M^3$ ഗ്രാവൽ ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. അത് അനുസരിച്ചുള്ള ബില്ലാണ് കരാറുകാരൻ ഹാജരാക്കിയിട്ടുള്ളത്. അതിനാൽ ബാക്കി ബില്ലുകൾ നഷ്ടപ്പെട്ടുവെന്ന മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്.

4. എസ്.ടി വീടുകളിൽ ജൈവ വേലി നിർമ്മാണം എന്ന പ്രവൃത്തിയിൽ 200 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലും വേലി കെട്ടുന്നതിന് 7.5 മീറ്റർ നീളം വരുന്ന മുളകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഒരെണ്ണത്തിന് 95/- രൂപ ക്വോട്ട് ചെയ്ത ശ്രീ. സുജിത് ചിറയിലിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് 250 മുള സ്റ്റാക്ക് ചെയ്തിട്ടുണ്ട് (അളവു പുസ്തകം 285/18-19 പേജ് 3) എന്നാൽ ഫൈനൽ ബിൽ പ്രകാരം 400 മുളകളുടെ വിലയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. അതിനാൽ കരാറുകാരന് അധികം നൽകാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സപ്ലൈ ചെയ്ത മുളയുടെ എണ്ണം | 250 |
| അനുവദിച്ച മുളയുടെ എണ്ണം | 400 |
| അധികം | 150 |
| അധികം നൽകിയ തുക | 150 @95 = 14250/- |
| ചെലവു വിവരം | 6051/6-05-19 രൂപ 19000/-<br>8105/08-09-19 രൂപ 20200/- |
| അളവു പുസ്തകം | 285/18-19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/12.-09-19)400 മുള ടി പ്രവൃത്തിക്ക് ആവശ്യമായിരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തിക്ക് 250 മുള മാത്രമേ സ്റ്റാക്ക് ചെയ്തിട്ടുള്ളൂ. അതിനാൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്.

5. വഞ്ചിപ്പുരക്കൽ തോടിന് കല്ലുകെട്ട് പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തിരിക്കുന്നത് ശ്രീ.പ്രവീൺകുമാർ വി.പി യാണ്. ടി പ്രവൃത്തിയിൽ DR Masonary 100.80 $M^3$ ഉം RR Masonary 12.60 $M^3$ ഉം ഉൾപ്പെടെ 113.40 $M^3$ ആണ് കരിങ്കല്ലിൽ ചെയ്തിരിക്കുന്നത്. എന്നാൽ കരാറുകാരന് റബിളിന്റെ വിലയായി 118.40$m^3$ ന് 1406/$M^3$ നിരക്കിൽ 166470/- രൂപ അനുവദിച്ചിട്ടുണ്ട്. അതിനാൽ കരാറുകാരന് അധികം നൽകാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത കരിങ്കൽ പ്രവൃത്തിയുടെ അളവ് | 113.40$m^3$ |
| അനുവദിച്ച റബിളിന്റെ അളവ് | 118.40 $M^3$ |
| അനുവദനീയമായ റബിളിന്റെ അളവ് | 113.40$m^3$ |
| അധികം | 5$m^3$ |
| അധികം നൽകിയ തുക | 5$m^3$ @1406 = 7030/- |
| ചെലവു വിവരം | 433/15-05-18 രൂപ 186468/-<br>7673/2-07-19 രൂപ 69064/- |
| അളവു പുസ്തകം | 4/18-19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/12.-09-19)113.40$m^3$ ന പകരം 118.40$m^3$ എന്ന് തെറ്റായി എഴുതിയതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അതിനാൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും

ഇടാക്കേണ്ടതാണ്.

6. ഇല്ലിക്കൽതോട്ടിലേക്ക് കാന നിർമ്മാണം എന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈചെയ്തിരിക്കുന്നത് ശ്രീ.പ്രവീൺകുമാർ വി.പി യാണ്. ടി പ്രവൃത്തിയിൽ 5-ാം ഇനമായി സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിന് 1351.84kg(അളവു പുസ്തകം 129/18-19 പേജ് 5) ഉപയോഗിച്ചിട്ടുണ്ടെങ്കിലും 1284.48 Kg എന്ന എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാരന് 1348 Kg യുടെ വിലയാണ് അനുവദിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്താതെ തുക അനുവദിച്ചത് അധികം നൽകാനിടയായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തിയ അളവ് | 1284.48 Kg |
| അനുവദിച്ച സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിന്റെ അളവ് | 1348 Kg |
| അധികം | 63.52 Kg |
| അധികം നൽകിയ തുക | 63.52 @52/Kg =3303/- |
| ചെലവു വിവരം | 2934/21-11-18 രൂപ 205819/-<br>7819/2-07-19 രൂപ 99252/- |
| അളവു പുസ്തകം | 129/18-19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/12-09-19)മെഷർമെന്റ് പ്രകാരം 1351.84kg വന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തി ബിൽ തയ്യാറാക്കിയിട്ടുള്ളതിനാൽ 1284.48 Kg ന് മാത്രമേ തുക അനുവദിക്കേണ്ടതുള്ളൂ. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്.

7. എ) മൂർത്തിക്കൽ അംഗൻവാടിക്ക് കാന നിർമ്മാണം എന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈചെയ്തിരിക്കുന്നത് ശ്രീ.പ്രവീൺകുമാർ വി.പി യാണ്. ടി പ്രവൃത്തിയുടെ 4-ാം ഇനമായി 1:3:6 കോൺക്രീറ്റിംഗിൽ പാർശ്വഭിത്തി നിർമ്മിച്ചിരിക്കുന്നതിന്റെ അളവ് ചുവടെ കൊടുക്കുന്നു

2x 56 X (0.20+0.15)/2 X 0.60 = 11.76m$^3$

എന്നാൽ അളവു പുസ്തകം 128/18-19 പേജ് 4 ൽ ഈ അളവ് 18.48m$^3$ എന്ന് തെറ്റായിട്ട് കണക്കാക്കിയാണ് മെറ്റീരിയൽ വിലയും തൊഴിൽദിനവും അനുവദിച്ചിരിക്കുന്നത്. എസ്റ്റിമേറ്റിലും 18.48m$^3$ എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

യഥാർത്ഥത്തിൽ വരുന്ന അളവ് - 11.76m$^3$

അനുവദിച്ച അളവ് - 18.48m$^3$

അധികമായി അനുവദിച്ച അളവ് - 6.72 M$^3$

| എസ്റ്റിമേറ്റ് പ്രകാരം 1m$^3$ പ്രവൃത്തിക്ക് ആവശ്യമാകുന്ന മെറ്റീരിയലിന്റെ അളവ് | അധികമായി കണക്കാക്കിയ 6.72m$^3$ പ്രവൃത്തിക്ക് അനുവദിച്ച മെറ്റീരിയലിന്റെ അളവ് | അധികം നൽകിയ തുക |
|---|---|---|
| 20mm മെറ്റൽ - 0.70 M$^3$ | 20mm മെറ്റൽ -6.72x 0.70 M$^3$ = 4.704 M$^3$ | 4.704 M$^3$ @2400 = 11290 |
| 40mm മെറ്റൽ- 0.24 M$^3$ | 20mm മെറ്റൽ- 6.72x0.24 M$^3$ = 1.6128 M$^3$ | 1.6128 M$^3$ @2400 = 3871 |
| എം സാന്റ് - 0.47 M$^3$ | എം സാന്റ് - 6.72x0.47 M$^3$= 3.1584 M$^3$ | 3.1584 M$^3$ @1670 = 5275 |
| | | |

| | | |
|---|---|---|
| സിമന്റ് - 0.22 Quintal | സിമന്റ് -6.72x 0.22 Quintal = 1.4784 Quintal | 1.4784 Quintal @8000 =11827 |
| കോൺക്രീറ്റ് മിക്സർ വാടക –0.07 @1301 | കോൺക്രീറ്റ് മിക്സർ വാടക –6.72x0.07 = 0.4704 | 0.4704 @1301 =612 |
| | ആകെ | 32875/- |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്.

ബി) ടി പ്രവൃത്തിയിൽ 5-ാം ഇനമായി സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിന് 833.82kg(അളവു പുസ്തകം 128/18-19 പേജ് 5) ഉപയോഗിച്ചിട്ടുണ്ടെങ്കിലും 827 Kg എന്ന എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാരന് 868 Kg യുടെ വിലയാണ് അനുവദിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്താതെ തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തിയ അളവ് | 827 Kg |
| അനുവദിച്ച സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിന്റെ അളവ് | 868 Kg |
| അധികം | 41 Kg |
| അധികം നൽകിയ തുക | 41 @52/Kg =2132/- |
| ചെലവു വിവരം | 7566/02-07-19 രൂപ 39066/-<br>3025/1-11-18 രൂപ 62057/- |
| അളവു പുസ്തകം | 128/18-19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/12-09-19) ക്ലറിക്കൽ മിസ്റ്റേക്ക് ആണെന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 എസ്.സി വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം -- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

ഇരുചക്ര വാഹനത്തിന്റെ സഹായത്തോടെ സ്വയംതൊഴിൽ ചെയ്യുവാൻ താല്പര്യമുള്ള എസ്.സി വനിതകൾക്കായി 2019-20 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതിയാണിത്. മേൽ പ്രോജക്റ്റ് (പ്രോ.നം 157/20) പ്രകാരം രേഷ്മ.വി.റ്റി പുതുശ്ശേരിവെളി എന്ന ഗുണഭോക്താവിനായി വികസന ഫണ്ട് എസ്.സി.പിയിൽ നിന്നും 35,000/- രൂപ (ബിൽ നം. 13/2019-20/ 29.2.2020) ചെലവഴിച്ചിട്ടുണ്ട്. ടിയാരി ചേർത്തല ഷൈമാസ് ഹോണ്ടയിൽ നിന്നും ഹോണ്ട ആക്ടീവ സ്കൂട്ടർ വാങ്ങിയതിന്റ അടിസ്ഥാനത്തിൽ ഷൈമാസ് ഹോണ്ട ഡീലറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് തുക നൽകിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം വാഹന വിലയുടെ 50% തുകയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. ഷൈമാസ് ഹോണ്ടയുടെ ഇൻവോയ്സ് പ്രകാരം രേഷ്മ.വി.റ്റി പുതുശ്ശേരിവെളി വാങ്ങിയ വാഹനത്തിന്റെ വില 66,887/-രൂപയാണ്. ഇതുപ്രകാരം 35,000/- രൂപയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. എന്നാൽ രൂപയാണ് ഷൈമാസ് ഹോണ്ട ഡീലറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡിയായി നൽകിയത്. അധികം നൽകിയ 1557/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 അനുപൂരക പോഷകാഹാര പരിപാടി-ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അധികമായി നൽകിയ തുക നിരാകരിക്കുന്നു

2019-20 കാലയളവിൽ അനുപൂരക പോഷകാഹാര പരിപാടി എന്ന പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്റ്റ് നം. 02/2020) സപ്ലൈകോ ഷോപ്പിൽ നിന്നും 300 കിലോഗ്രാം അരിയും 2897 കിലോഗ്രാം മറ്റ് ഭക്ഷ്യ വസ്തുക്കളും കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ വിതരണം ചെയ്തതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ

12002/- രൂപ ബിൽ നം. 09/19-20/15.10.2019 പ്രകാരം ശ്രീ. വി.കെ.സുരേന്ദ്രൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞതിൽ 300 കിലോഗ്രാം അരി ലഭിച്ചതായോ വിതരണം ചെയ്തിട്ടുള്ളതായോ മെയിൻ/സബ് സ്റ്റോക്ക് രജിസ്റ്ററുകളും ഇതര രേഖകളും പരിശോധിച്ചതിൽ കാണുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. ഈ ഇനത്തിൽ ഒരു കിലോഗ്രാമിന് 2.95 രൂപ നിരക്കിൽ 885/- രൂപ അധികമായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2019-20 | 310740 | ലൈഫ് | 1652340 | |
| | | 275000 | സ്കോളർഷിപ്പ് | 275000 | |
| | | 805000 | ലൈഫ് | 805000 | |
| | | 250000 | റോഡ് മെറ്റലിംഗ് | 250000 | |
| | | 200000 | പാലിനു സബ്സിഡി | 200000 | |
| ജില്ലാപഞ്ചായത്ത് | 2019-20 | 905957 | ലൈഫ് | 905957 | |
| | | 700000 | ലൈഫ് | 700000 | |
| | | 750000 | പഠനമുറി | 325000 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3040000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | ലഭ്യമാക്കിയില്ല | 3040000 | 21050599 | 1941176 | 0 | 22149423 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല

### 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57479256 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60014454 |
| വരവിനങ്ങളിലുള്ള നഷ്ടം | 3075 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3075 | | പി.ജയ, സെക്രട്ടറി |
| 3-1 | | 11158 | ജിജു.വി, അസി.എൻജിനീയർ |
| 3-3 | | 1557 | ബിനു.ആർ, അസി.സെക്രട്ടറി |
| 3-4 | | 885 | മല്ലികാമ്മ.സി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 3075 | 13600 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | 23827 | പി.ജയ, സെക്രട്ടറി |
| 3-2(2) | 1536 | പി.ജയ, സെക്രട്ടറി |
| 3-2(3) | 23375 | പി.ജയ, സെക്രട്ടറി |
| 3-2(4) | 1425 | പി.ജയ, സെക്രട്ടറി |
| 3-2(5) | 7030 | പി.ജയ, സെക്രട്ടറി |
| 3-2(6) | 3303 | പി.ജയ, സെക്രട്ടറി |
| 3-2(7) എ & ബി | 35007 | പി.ജയ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡിക

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ജയ, സെക്രട്ടറി | സെക്രട്ടറി<br>പട്ടണക്കാട് ഗ്രാമ പഞ്ചായത്ത് | ജയപ്രിയ (H)<br>കലവൂർ പി..ഒ |
| ജിജ്ഞ.വി,<br>അസി.എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, റീ ബിൽഡ് കേരള, തിരുവനന്തപുരം | H S No 127. കീനാട്ടുവിളകം<br>എസ്. എൻ നഗർ, പേട്ട,<br>തിരുവനന്തപുരം |
| ബിന്ദു.ആർ,<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി, പുന്നപ്ര ഗ്രാമപഞ്ചായത്ത് | ഭജനശാലവെളി, തിരുവമ്പാടി,<br>ആലപ്പുഴ |
| മല്ലികാമ്മ.സി,<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | വിളവൂർ കിഴക്കേതിൽ വീട്,<br>പുനക്കന്നൂർ, പെരുമ്പുഴ.പി.ഒ.<br>കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/2013/6.05.2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577/2013/12.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5-1577/2013/07.05.2014 |
| 2009-10 | എൽ.എഫ്.ജി.എ5-1577/2013/20.05.2014 |
| 2010-11 | എൽ.എഫ്.എപി.8-821/2012/05.11.12/31.12.12 |
| 2011-12 & 2012-13 | എൽ.എഫ്.എപി.8-192/2014/26.06.14/03.07.14 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.പി11-1620/15/17.12.15/31.12.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-831/16/29.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി12-1252/16 തീയതി.16.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി12-725/17/20.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി12-87/19/07.01.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി12-175/2020 28.05.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്